സർക്കാർ കേസ്സുകളുടെ വിചാരണ

85 (281) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. സി. ജോസഫ് :
ശ്രീ. പി. ടി. തോമസ് :
പ്രൊഫ. കെ. വി. തോമസ് :
ശ്രീ. കെ. മുഹമ്മദാലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹൈക്കോടതിയിൽ സർക്കാർ കേസുകളുടെ വിചാരണയ്ക്ക് സർക്കാർ വക്കീലന്മാർ യഥാസമയം എത്താറുണ്ടോ ;

(ബി) ഹൈക്കോടതിയിൽ വിചാരണയ്ക്കെത്തുന്ന പല കേസ്സുകളിലും സർക്കാർ ഭാഗം വക്കീലന്മാർ നിസ്സഹകരിക്കുന്നതിനെ 2005 സെപ്റ്റംബറിൽ ഹൈക്കോടതി വിമർശിച്ചിട്ടുണ്ടോ ;

(സി) സർക്കാർ കേസ്സുകൾക്ക് സർക്കാർ വക്കീലന്മാർ ഹാജരാകാത്തതെന്തു കൊണ്ടാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഹൈക്കോടതിയിൽ സർക്കാർ കേസുകളുടെ വിചാരണയ്ക്ക് സർക്കാർ വക്കീലന്മാർ യഥാസമയം എത്താറുണ്ട്.

(ബി) വിവരം ശേഖരിച്ചു വരുന്നു.

(സി) ഹൈക്കോടതിയിൽ സർക്കാർ കേസ്സുകൾക്ക് സർക്കാർ വക്കീലന്മാർ ഹാജരാകുന്നുണ്ട്. ഹാജരാകാത്ത സാഹചര്യങ്ങൾ ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

പുതിയ താലൂക്കുകളും റവന്യൂ ഡിവിഷണൽ ഓഫീസുകളും

96 (282) ശ്രീ. സി. ടി. അഹമ്മദ് അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് പുതിയ താലൂക്കുകളും റവന്യൂ ഡിവിഷണൽ ഓഫീസുകളും ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എവിടെയൊക്കെയാണെന്നും എന്നത്തേക്ക് ആരംഭിക്കാൻ കഴിയുമെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ താലൂക്കുകളുടെയും വില്ലേജുകളുടെയും പുനഃസംഘടനയെ കുറിച്ച് പഠിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കാൻ ശ്രീ. കെ. ജെ. അൽഫോൺസിനെ (ലാന്റ് റവന്യൂ കമ്മീഷണർ) ഏകാംഗ കമ്മീഷനായി നിയമിച്ചിട്ടുണ്ട്. കമ്മീഷന്റെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് മാത്രമേ പുതിയ താലൂക്കുകളുടെ രൂപീകരണം പരിഗണിക്കാനാവൂ. റവന്യൂ ഡിവിഷണൽ ഓഫീസുകളുടെ രൂപീകരണം സർക്കാരിന് അധിക സാമ്പത്തിക ബാദ്ധ്യത വരുത്തുമെന്നതിനാൽ പുതിയ റവന്യൂ ഡിവിഷനുകളുടെ രൂപീകരണം ഇപ്പോൾ പരിഗണനയിലില്ല.

LIBRARY ARCHIVES Kerala Legislative Assembly